"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - നേമം റെയിൽവേ പാത ഇരട്ടിപ്പിക്കലിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേ യൂണിറ്റ് നമ്പർ 1-ന് 26-06-2026 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.198/2026/RD    തീയതി,തിരുവനന്തപുരം, 25-06-2026

---

പരാമർശം:- 1. സ.ഉ.(അച്ചടി) നം.442/2012/ധന, തീയതി, 08/08/2012.
2. സർക്കുലർ നം.29/2023/ധന, തീയതി, 24/03/2023.
3. സ.ഉ(സാധാ) നം. 1964/2025/റവ, തീയതി 19/08/2025.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 02-02-2026 തീയതിയിലെ LR/3203/2021-LR(C5) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1. നേമം റെയിൽവേ പാത ഇരട്ടിപ്പിക്കലിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേ യൂണിറ്റ് നമ്പർ 1-ലെ 21 തസ്തികകൾക്ക് 26/06/2025 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകി പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.
2. നേമം റെയിൽവേ പാത ഇരട്ടിപ്പിക്കലിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേ യൂണിറ്റ് നമ്പർ 1-ലെ 21 തസ്തികകൾക്ക് 26/06/2026 മുതൽ ഒരു വർഷത്തേക്ക് കൂടി തുടർച്ചാനുമതി നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.
3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ്, പരാമർശം (2) സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിലെ നിയമനങ്ങൾ അനുവദനീയമല്ലാത്തതിനാൽ ഇത്തരം നിയമനങ്ങൾ റദ്ദ് ചെയ്യേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി, നേമം റെയിൽവേ പാത ഇരട്ടിപ്പിക്കലിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ

തഹസിൽദാർ (എൽ.എ.) റെയിൽവേ യൂണിറ്റ് നമ്പർ 1-ലെ ചുവടെ പറയുന്ന 21 തസ്തികകൾക്ക് 26/06/2026 മുതൽ ഒരു വർഷത്തേക്ക് തുടർച്ചാനുമതി നൽകി ഉത്തരവാകുന്നു.

4.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | സ്പെഷ്യൽ തഹസിൽദാർ | 1 |
| 2 | വാല്യുവേഷൻ അസിസ്റ്റന്റ് | 2 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 4 |
| 4 | ഹെഡ്ക്ലാർക്ക് | 1 |
| 5 | സ്പെഷ്യൽ വില്ലേജ് ഓഫീസർ | 2 |
| 6 | ക്ലാർക്ക് | 2 |
| 7 | വില്ലേജ് അസിസ്റ്റന്റ് | 2 |
| 8 | സർവ്വേയർ | 6 |
| 9 | ഹെഡ് സർവ്വേയർ | 1 |
| | **ആകെ** | **21** |

5. 01/04/2026 മുതലുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിലുള്ള തുക റെയിൽവേ അടവാക്കുന്നതിനുള്ള നടപടികൾ യഥാസമയം ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
4. പൊതുഭരണ (എസ്.സി.) വകുപ്പ്.(24-06-2026ലെ ഇനം നം. .......)
5. ധനകാര്യ വകുപ്പ് (EXP-A1/188/2018-FIN-Part(1) dated 27-03-2026)
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (REV-B3/53/2026-REV )

ഉത്തരവിൻ പ്രകാരം

Signed by

Sandhya S

Date: 27-06-2026 10:07:35

സെക്ഷൻ ഓഫീസർ

പകർപ്പ് :

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.ക്ക്

റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.ക്ക്

*രഹസ്യം*

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 24-06-2026

ഫയൽ നം. റവ-ബി3/53/2026/റവ. ഇനം നം : 47

വിഷയം : റവന്യൂ വകുപ്പ് - നേമം റെയിൽവേ പാത ഇരട്ടിപ്പിക്കലിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) റെയിൽവേ യൂണിറ്റ് നമ്പർ 1-ലെ 21 തസ്തികകൾക്ക് 26/06/2026 മുതൽ തുടർച്ചാനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.